ഉത്തരം

(എ) ഉണ്ട്.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾ

1. ഈരാറ്റുപേട്ട
2. പിരപ്പൻകോട്
3. കരുനാഗപ്പള്ളി
4. ഇടുക്കി

പോളിടെക്നിക്

കോവളം, പുറപ്പുഴ (തൊടുപുഴ)

(സി) ഉണ്ട്.

58 (1272) തൊടുപുഴ എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ നിയമനം.

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ മൊത്തം എത്ര അദ്ധ്യാപകർ ഉണ്ട്, ആരെല്ലാം, അവരുടെ യോഗ്യതകൾ എന്തെല്ലാം;

(ബി) ഇതിൽ റിട്ടയർ ചെയ്തതിനുശേഷം നിയമനം ലഭിച്ചവർ എത്ര പേർ ഉണ്ട്; ആരെല്ലാം;

(സി) മറ്റ് ജീവനക്കാരുടെ നിയമനം ഏത് രീതിയിലാണ് നടത്തിയത്; ഇതിൽ നേരിട്ട് നിയമിച്ചവർ എത്ര ഡെപ്യൂട്ടേഷനിൽ എത്ര പേർ, പി.എസ്സ്.സി. വഴി നിയമനം ലഭിച്ചവർ എത്ര;

(ഡി) താൽക്കാലിക ജീവനക്കാർ ആരെങ്കിലും ഇപ്പോൾ സർവ്വീസിൽ ഉണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) തൊടുപുഴ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചത് മുതൽ എത്രപേരെ താൽകാലികമായി നിയമിച്ചിട്ടുണ്ട്; ആരെയെല്ലാം; എത്ര രൂപ ഇവർക്ക് ശമ്പളം നൽകിയിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(ഇ)വരെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

59 (1273) എൻ.ആർ.ഐ. കോട്ടയിൽ അഡ്മിഷൻ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചതു മുതൽ ഇതുവരെ എൻ.ആർ.ഐ. കോട്ടയിൽ എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൻ.ആർ.ഐ. കാട്ടയിൽ അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികൾ ഓരോ ബാച്ചിലും സെമസ്റ്റർ അടിസ്ഥാനത്തിൽ എത്ര രൂപ വീതമാണ് അടച്ചിട്ടുള്ളത്; ഇതിൽ ഫീസ് എത്ര; മറ്റ് ഇനങ്ങൾ എത്ര;

(സി) എൻ.ആർ.ഐ. കാട്ട തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്; എൻ.ആർ.ഐ.കാട്ടായിൽ മറ്റാരെങ്കിലും അഡ്മിഷൻ കരസ്ഥമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എൻ.ആർ.ഐ. അഡ്മിഷൻ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

60 (1274) തൊടുപുഴ സ്വാശ്രയ കോളേജ് നൽകുന്ന വാടക

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ എഞ്ചിനീയറിംഗ് കോളേജ് വാടകയിനത്തിൽ ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്; ആർക്കെല്ലാം;

(ബി) ഒരു ചതുരശ്രഅടിക്ക് എത്ര രൂപയാണ് വാടക നിശ്ചയിച്ചിട്ടുള്ളത്; ആരുടെ ഉടമസ്ഥതയിലുള്ളതാണ് കെട്ടിടം; പ്രസ്തുത കെട്ടിടത്തിന്റെ ഏതെല്ലാം നിലകളിലാണ് സ്വാശ്രയകോളേജ് പ്രവർത്തിക്കുന്നത്; ഓരോ ജില്ലയിലും ഉള്ള വാടക നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) തൊടുപുഴ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് കെട്ടിടം വാടകയക്ക് എടുത്തതിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഓഡിറ്റ് വിംഗിന്റെ കണ്ടെത്തലുകളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൊടുപുഴ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് വനവാടക ഇനത്തിൽ പ്ലാസാ പുളിമൂട്ടിൽ ബിൽഡിംഗ്; തൊടുപുഴയുടെ പാർട്ട്ണറായ ശ്രീ. ലൂക്ക് സ്റ്റീഫൻ എന്ന വ്യക്തിക്ക് കരാറനുസരിച്ച് 1.11.96 മുതൽ 19.10.99 വരെ 42,44,736 രൂപ നൽകിയിട്ടുണ്ട്.

(ബി) ശ്രീ. ലൂക്ക് സ്റ്റീഫൻ, പുളിമൂട് ഹൗസ്, തൊടുപുഴയുടെ ഉടമസ്ഥതയിലുള്ള തൊടുപുഴ വില്ലേജിൽ സർവ്വേ നം.313/10-1 ആയ പ്ലാസ പുളിമൂട്ടിൽ എന്ന കെട്ടിടമാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. മൂന്ന് നിലകൾ വാടകയ്ക്ക് എടുത്തിരുന്നതിൽ ഇപ്പോൾ രണ്ടും മൂന്നും നിലകളിൽ സ്വാശ്രയ കോളേജ് പ്രവർത്തിക്കുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഒരു ചതുരശ്ര അടിക്ക് 5 രൂപ 5 പൈസ നിരക്കിൽ 12.5.97 മുതൽ 6 മാസത്തേക്ക് പ്രതിമാസം 12,720 രൂപയും രണ്ടാം നിലയിൽ ഒരു ചതുരശ്ര അടിക്ക് 5 രൂപ നിരക്കിൽ 1.11.96 മുതൽ പ്രതിമാസം 93,235/- രൂപയും മൂന്നാം നിലയിൽ ഒരു ചതുരശ്രഅടിക്ക് 4 രൂപ 75 പൈസ വച്ച് 20.10.97 മുതൽ 80.574 രൂപയുമാണ് കൊടുക്കുന്നതെന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly